കേരള സർക്കാർ

കുറുവ ഗ്രാമപഞ്ചായത്ത്

ജലബജറ്റ്

റിപ്പോർട്ട്

നവംബർ 2025

ഡോ. ടി.എൻ.സീമ (മുൻ എം.പി.)
കോർഡിനേറ്റർ

നവ കേരളം കർമപദ്ധതി
കേരള സർക്കാർ



സന്ദേശം

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ മഴയുടെ ലഭ്യത കൂടുതലാണ്. ആഗോള താപനത്തിന്റെയും തൽഫലമായുള്ള കാലാവസ്ഥാ മാറ്റത്തിന്റെയും ഭാഗമായി കേരളത്തിൽ പല പ്രദേശത്തും പലപ്പോഴും അതിതീവ്ര മഴ ലഭ്യമാകുന്ന സാഹചര്യവുമുണ്ട്. എന്നാൽ വേനൽകാലത്ത് മിക്ക പ്രദേശങ്ങളിലും ആവശ്യത്തിനു ജലം ലഭ്യമാകുന്നുമില്ല എന്നതാണ് സ്ഥിതി. ഓരോ പ്രദേശത്തും മഴയിൽ നിന്നുൾപ്പെടെ ലഭിക്കുന്ന ജലത്തിന്റെ ലഭ്യതയും ജലാവശ്യകതയും കൃത്യമായി കണക്കാക്കി അതിനനുസൃതമായ ജലസംരക്ഷണ - ജലവിനിയോഗ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

മഴയുടെ തീവ്രത കുറഞ്ഞ കാലയളവുകളിൽ മറ്റു പ്രദേശങ്ങളിൽ പെയ്തുകിട്ടുന്ന ജലം ജലസംഭരണികളിലും ഉപരിതല ജല സ്രോതസ്സുകളിലും ഒക്കെ പരമാവധി സംഭരിക്കുകയും സാധ്യമായ സ്ഥലങ്ങളിൽ ഭൂജലമായി ശേഖരിക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ വേനൽക്കാല ജല ക്ഷാമത്തിന് വലിയ അളവിൽ പരിഹാരം കാണാൻ കഴിയും. ഈ ലക്ഷ്യം മുന്നിൽ കണ്ടാണ് സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്.

ഓരോ ചെറു പ്രദേശത്തും ഒരു ചെറുകാലയളവിൽ പെയ്തു കിട്ടുന്ന മഴയിൽ നിന്നുള്ളതുൾപ്പെടെയുള്ള ജല ലഭ്യതയും അവിടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട ജലത്തിന്റെയളവും താരതമ്യം ചെയ്ത്, ഓരോ സമയത്തും ജല മിച്ചമാണോ ജലക്കമ്മിയാണോ അനുഭവപ്പെടുന്നത് എന്ന് കണ്ടെത്തുന്ന പ്രവർത്തനമാണ് ജല ബജറ്റിലൂടെ ചെയ്യുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്താകെ ജലബജറ്റ് നടപ്പിലാക്കുവാനുള്ള ശ്രമത്തിലാണ്. രാജ്യത്തിനാകെ മാതൃകയാക്കാൻ കഴിയുന്ന രീതിയിൽ നടക്കുന്ന ഈ പ്രവർത്തനത്തിൽ പങ്കാളിയായതിൽ കുറുവ ഗ്രാമപഞ്ചായത്ത് നേതൃത്വത്തെ അഭിനന്ദിക്കുന്നു. ഗ്രാമ പഞ്ചായത്തു മേഖലയിൽ തുടർന്നു നടക്കുന്ന ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും സഹായകരമായ അടിസ്ഥാന ശാസ്ത്രീയ രേഖയായി ഈ ജല ബജറ്റ് മാറട്ടെയെന്നും കൂടിവെള്ള ക്ഷാമമില്ലാത്തതും കൂടുതൽ സ്ഥലത്ത് എക്കാലവും കൃഷിചെയ്യാൻ കഴിയുന്നതുമായ ഒരു ജലസുരക്ഷാ പഞ്ചായത്തായി കുറുവ ഗ്രാമപഞ്ചായത്ത് മാറട്ടെയെന്നും ആശംസിക്കുന്നു.

ഡോ. ടി.എൻ. സീമ



അവതാരിക

വരാൻ പോകുന്ന കാലത്ത് ഏറ്റവും മൂല്യം ശുദ്ധജലത്തിനായിരിക്കും എന്നതിൽ തർക്കമില്ല. 73% വെള്ളത്താൽ ചുറ്റപ്പെട്ട ഭൂമിക്ക് ശുദ്ധജലത്തിന്റെ ലഭ്യത കുറഞ്ഞു വരികയാണ്.ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശത്തങ്ങളിൽ ഒന്നാണ് കേരളം,വേനൽ ആകുമ്പോൾ ജലധൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഒന്നാണ് ഇന്നും നമ്മുടെ പലപ്രദേശങ്ങളും,വയലുകൾനികത്തുന്നതും ജലസ്രോതസ്സുകൾ മലിനമാകുന്നതും നമ്മളെ ശരിക്കും ദോഷകരമായി ബാധിക്കുന്നുണ്ട്.ഭൂമിശാത്രപരമായ വഴി ജലസ്രാതസ്സുകൾ പ്രതേകതകൾ കാരണം മഴവെള്ളം കടലിൽ എത്തിച്ചേരുന്നു.പൊന്നിനേക്കാൾ തിളക്കം പണത്തേക്കാൾ മൂല്യം എല്ലാം ശുദ്ധജലത്തിനു വരുന്ന കാലത്തേക്കാണ് നമ്മുടെ യാത്ര.നിലവിൽ ശുഷ്കമായ നമ്മുടെ ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കുകയും കൂടുതൽ ശുദ്ധജലസ്രോതസ്സുകൾ കണ്ടെത്തുകയും ചെയ്യുക എന്നതാണ് നാം നേരിടുന്ന വെല്ലുവിളി.അതിനായി നടത്തുന്ന ഏതൊരു ശ്രമങ്ങളെയും പിന്തുണക്കുക എന്നതാണ് ഭാവിതലമുറക്കായി നമുക്ക് ചെയ്യാനുള്ളത്.

35.765 ച.കി.മീ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ഇപ്പോൾ ജനസംഖ്യ ഏകദേശം 58000 ഓളം ജനങ്ങളും വസിക്കുന്നു.നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻന്റെ മേൽനോട്ടത്തിൽ ഇത്തരത്തിൽ ദീർഘകാല കാഴ്ചപ്പാടോടെയുള്ള ജലബജറ്റ് തയ്യാറാക്കൽ പ്രവർത്തനത്തിൽ കുറുവ ഗ്രാമപഞ്ചായത്ത് പങ്കാളിത്തം വഹിക്കുകയാണ്. ജനങ്ങളിൽ ജലസംരക്ഷണത്തിന്റെ പ്രധാന്യം ഉണ്ടാക്കിയെടുക്കാനും ജല ഉപയോഗം ആവശ്യത്തിന് മാത്രം എന്ന സന്ദേശം നൽകാനും നിലവിലുള്ള ജലാശയങ്ങൾ സംരക്ഷിക്കപ്പെടാനുള്ള ശ്രമങ്ങൾ നടത്താനും നമുക്ക് സാധിക്കുമാറാകട്ടെ എന്ന് ആശംസിച്ചു കൊണ്ട് ഇവിടെ തയ്യാറാക്കിയ ജലബഡ്ജറ്റിന് എല്ലാ ഭാവുകങ്ങളും നേരുന്നു.നല്ലൊരു നാളെയ്ക്ക് വേണ്ടി ഈ മഹത്തായ പ്രവർത്തനത്തിന് സഹകരിച്ച എല്ലാവർക്കും നന്ദിയും കടപാടും അറിയിക്കുന്നു.

സസ്നേഹം,

അബ്ബുൽ സലാം പാലത്തിങ്ങൽ

പ്രസിഡണ്ട്

കുറുവ ഗ്രാമപഞ്ചായത്ത്

സംഗ്രഹം

കുറുവ ഗ്രാമ പഞ്ചായത്തിൽ ഒരു വർഷം പെയ്ത് കിട്ടുന്ന മഴയുടെ അളവ് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ആകെ ജല ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമാണ്. എന്നാൽ എല്ലാകാലത്തും തുല്യ അളവിലല്ല മഴ ലഭിക്കുന്നത് എന്നതിനാൽ എല്ലാ കാലത്തും ജല ലഭ്യത ഉറപ്പാക്കാനാകാതെ പോകുന്നു. മഴ ധാരാളം ലഭിക്കുന്ന സമയത്ത് അനുയോജ്യ മാർഗ്ഗങ്ങളിലൂടെ ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി ഇതിനെ മറികടക്കാൻ കഴിയും. കാർഷികാവശ്യങ്ങൾക്ക് ചില പ്രദേശങ്ങളിൽ എല്ലാ കാലവും ജലം ലഭ്യമാകണമെങ്കിൽ ജലസേചന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ചില ഇടപെടലുകൾ കൂടി ആവശ്യമാണ്. ഇത്തരത്തിൽ ജലസുരക്ഷ ഉറപ്പാക്കുന്ന ഒരു പ്രദേശമായി കുറുവ ഗ്രാമ പഞ്ചായത്തിനെ മാറ്റാനുള്ള ഒരു ഉൾക്കാഴ്ച ലഭിക്കാൻ ഈ ജല ബജറ്റ് സഹായകരമായിട്ടുണ്ട്. ഈ ജല ബജറ്റിന്റെ അടിസ്ഥാനത്തിൽ ജല സുരക്ഷയിലേയ്ക്ക് നീങ്ങണമെങ്കിൽ സാമ്പത്തിക, സാങ്കേതിക പിന്തുണ ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്.

ജലസേചന വകുപ്പ് ഹൈഡ്രോളജി വിഭാഗത്തിന്റെ പാണ്ടിക്കാട് വർഷമാപിനിയിൽ നിന്നുള്ള മഴ ലഭ്യതാ വിവരങ്ങളാണ് ഈ ജലബജറ്റിനായി പരിഗണിച്ചിട്ടുള്ളത്. (കൂടാതെ കേരളാ വാട്ടർ അതോറിറ്റിയുടെ പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന ജലത്തിന്റെ അളവും പരിഗണിച്ചിട്ടുണ്ട്) മഴയിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ 50% മാത്രമാണ് ആകെ ജല ലഭ്യതയായി പരിഗണിച്ചിട്ടുള്ളത്. ഡിസംബർ മാസം ആദ്യത്തെ 10 ദിവസം മുതൽ ഏപ്രിൽ മാസം അവസാനത്തെ 10 ദിവസം വരെ ജല കമ്മിയും ബാക്കി ദിവസങ്ങളിൽ ജല മിച്ചവുമാണ് ജല ബജറ്റിൽ പ്രതിഫലിക്കുന്നത്. എന്നാൽ ഒരു വർഷത്തെ ആകെ ജല ലഭ്യത **29.78533475** ദശലക്ഷം ഘനമീറ്ററും ആകെ ജല ആവശ്യം **13.22506005** ദശലക്ഷം ഘനമീറ്ററും ജലമിച്ചം **16.56027** ദശലക്ഷം ഘനമീറ്ററും ആണെന്ന് ഈ ജല ബജറ്റ് ബോധ്യപ്പെടുത്തുന്നു. കാർഷികമേഖലയിലാണ് കൂടുതൽ ജലത്തിന് ആവശ്യമുള്ളതായി കാണുന്നത്. ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ ജല വിനിയോഗത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടെന്നും ജല ബജറ്റിലൂടെ വ്യക്തമാകുന്നുണ്ട്.

- കൃത്യമായ ജലസംരക്ഷണ - ജല വിനിയോഗ പ്രവർത്തനങ്ങളിലൂടെ കുറുവ ഗ്രാമ പഞ്ചായത്തിന് ജല സുരക്ഷാ പഞ്ചായത്തായി മാറാൻ കഴിയും.
- ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ കൂടി കൃഷി നടത്താനും തരിശുഭൂമിയിൽ കൂടി കൃഷി വ്യാപിപ്പിക്കാനും അധിക ജലസേചന സൗകര്യങ്ങൾ നടത്തേണ്ടതുണ്ട്.
- കൂടുതൽ ജലം ഉപയോഗിക്കുന്ന ഗാർഹിക, വ്യാവസായിക, കാർഷിക മേഖലകളിൽ ജല മിതോപയോഗത്തിനാവശ്യമായ ഇടപെടൽ വേണം.
- സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, മലിന ജലത്തിന്റെ പുനഃചംക്രമണം എന്നിവയുടെ ആവശ്യകത കുറുവ ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.
- **കുറുവ ഗ്രാമ പഞ്ചായത്ത് സെമി ക്രിട്ടിക്കൽ ബ്ലോക്കായ മങ്കട ബ്ലോക്കിൽ ഉൾപ്പെടുന്നു**

ഉള്ളടക്കം

		ആമുഖം	7
1	.	പൊതുവിവരങ്ങൾ	8
1.1		ഗ്രാമപഞ്ചായത്തിന്റെ ചരിത്രം	10
1.2	.	ജനപ്രകൃതി	11
1.3	.	ഭൂപ്രകൃതി	11
1.4	.	കാലാവസ്ഥ	12
1.5	.	മൺതരങ്ങൾ	14
1.6	.	നീർത്തട വിവരങ്ങൾ	15
1.7	.	ജല സ്രോതസ്സുകൾ സംബന്ധിച്ച വിവരങ്ങൾ	19
1.7.1	.	നീർച്ചാലുകൾ	19
1.7.2	.	കുളങ്ങൾ	20
1.7.3	.	കിണറുകൾ	21
1.7.4	.	കടലുണ്ടിപ്പുഴ	22
1.7.5		ചെറുപ്പുഴ	22
1.7.6	.	ജലസേചന നിർമ്മിതികൾ	23
1.7.7	.	കുടിവെള്ള വിതരണം	23
1.8		വിവിധ മാപ്പുകൾ	24
2	.	രീതിശാസ്ത്രം	30
2.1	.	സാങ്കേതികസമിതി	30
2.2	.	യോഗങ്ങൾ	30
2.3	.	വിവരവിശകലനവുംഉപയോഗപ്പെടുത്തലും	31
2.4	.	ജലതുല്യതാ (Water Balance) പഠനം	31
2.4.1	.	ജലലഭ്യത	31
2.4.2	.	മഴലഭ്യത	31
2.4.3	.	ഉപരിതലജലലഭ്യത	32
2.4.4	.	ഭൂജലജലലഭ്യതകണക്കാക്കൽ	33

2.4.5	.	ഗ്രാമപഞ്ചായത്തിന്അകത്തേയ്ക്കുംപുറത്തേയക്കുമുള്ളജലവിതരണം	33
2.5	.	ആദ്യത്തെ 10 ദിവസംലഭ്യമായആകെജലം	34
2.5.1	.	ജലആവശ്യം	34
2.5.1	.	ഗാർഹികആവശ്യം	34
2.5.2	.	കാർഷികജലആവശ്യകത	34
2.5.3	.	വ്യവസായ, വാണിജ്യസ്ഥാപനങ്ങളിലെജലആവശ്യകത	37
2.5.4	.	വിനോദസഞ്ചാരമേഖലയിലെജലആവശ്യകത	37
2.5.5	.	ആകെജലആവശ്യം	37
2.6	.	ജലബജറ്റ്	37
2.7	.	തുടർപ്രവർത്തനങ്ങൾ	37
3	.	ജല ബജറ്റ്	38
3.1	.	പൊതുവിവരങ്ങൾ	38
3.2	.	ജലലഭ്യതാവിവരങ്ങൾ	39
3.2.1	.	മഴയുടെ വിവരങ്ങൾ	39
3.2.2	.	ഗ്രാമപഞ്ചായത്തിന് പുറത്തേയ്ക്കുള്ള ജല വിതരണം	41
3.2.3	.	ആകെജലലഭ്യത	43
3.3	.	ജല ആവശ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ	45
3.3.1	.	ഗാർഹികം	45
3.3.2	.	വാണിജ്യാവശ്യങ്ങൾ	45
3.3.3	.	കൃഷി ആവശ്യങ്ങൾ	46
3.3.4	.	മൃഗ സംരക്ഷണം	47
3.3.5	.	വ്യവസായ ആവശ്യങ്ങൾ	47
3.3.6	.	പൊതുസ്ഥാപനം	48
3.3.7	.	സ്വകാര്യസ്ഥാപനം	48
3.3.8	.	വിനോദസഞ്ചാരകേന്ദ്രങ്ങൾ	49
3.3.9		ജല ബജറ്റ്	50
4	.	തുടർ പ്രവർത്തനങ്ങൾ	55
5	.	അനുബന്ധം	57

ആമുഖം


ജല ബജറ്റ് തയ്യാറാക്കുന്നതിന് ജലലഭ്യതയും ജല ഉപയോഗവും സംബന്ധിച്ച് കൃത്യമായ വിവരശേഖരണം അനിവാര്യമാണ്. ജലലഭ്യത, കേരളത്തെ സംബന്ധിച്ചിടത്തോളം മഴ, ഉപരിതല ജലം, ഭൂജലം എന്നീ പ്രധാന സ്രോതസ്സുകളെ ആശ്രയിച്ചാണ് കണക്കാക്കുക. കൃഷി, മൃഗസംരക്ഷണം, കുടിവെള്ളം, വ്യവസായം, ടൂറിസം തുടങ്ങി പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് നിരവധി ആവശ്യങ്ങൾക്ക് ജലം ഉപയോഗിക്കുന്നുണ്ട്. ജലലഭ്യതയും ഉപയോഗവും താരതമ്യം ചെയ്താൽ ഒരു പ്രദേശത്ത് ജലക്ഷാമമുണ്ടോ അധികജലം ലഭ്യമാണോ എന്ന് കൃത്യമായി മനസ്സിലാക്കാൻ കഴിയും. ജലലഭ്യതയിൽ കുറവുണ്ടെങ്കിൽ പ്രാദേശിക പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് ഏറ്റവും ഉചിതമായ ജലവിഭവ പരിപാലന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സി.ഡബ്ല്യുആർ.ഡി.എം.ന്റെ സാങ്കേതിക സഹായത്തോടെയും വിവിധ വകുപ്പുകളുടെ പിന്തുണയോടെയും ജലബജറ്റ് തയ്യാറാക്കി, നിരവധി പഠനങ്ങൾക്കു ശേഷം സി.ഡബ്ല്യു.ആർ.ഡി.എം. തയ്യാറാക്കിയ മാർഗ്ഗരേഖയെ അടിസ്ഥാനപ്പെടുത്തിയാണ് വിവരശേഖരണവും തുടർപഠനങ്ങളും നടത്തിയത്, ഈ പ്രക്രിയയുടെ പൂർത്തീകരണത്തിലൂടെ പഞ്ചായത്തിലെ ജലവിഭവ മേഖലയിൽ വേണ്ട തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സൂചകങ്ങൾ മായിട്ടുണ്ട്. ഫലപ്രദമായ രീതിയിൽ ജലവിഭവ പരിപാലനം നടത്തുന്നതിന് ഇതു സഹായകരമാണ്. വികസന ലക്ഷ്യങ്ങൾ: ജല ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഹ്രസ്വ-ദീർഘകാല ഇടപെടലുകൾ ആവിഷ്കരിക്കുക ഇപ്പോൾ സാധ്യമാണ്. ജലസ്രോതസ്സുകളുടെ പരിപാലനത്തിനും സുസ്ഥിരതക്കും സഹായകരമായ ഒരു ഭൂവിനിയോഗ രീതി അവലംബിക്കുക, ഭൂജലത്തിന്റെ ലഭ്യത വർധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ തീരുമാനിക്കുക, ഉപരിതല ജലസംഭരണത്തിനുള്ള അനുയോജ്യ പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയിലൂടെയും കൃഷിയും ജലലഭ്യതയും യോജിച്ചു പോകാവുന്ന കൃഷി രീതികൾ അവലംബിക്കുന്നതിലൂടെയും പ്രദേശത്ത് ജലസുരക്ഷ ഉറപ്പാക്കുന്നതിനു കഴിയും. ജലസുരക്ഷയിലേക്ക് എത്തിച്ചേരുന്നതിനുള്ള ഘടകങ്ങൾ നിരവധിയുണ്ട്. എന്നാൽ ഇവ പരസ്പര പൂരകങ്ങളാണെന്ന് കാണാൻ കഴിയും. കൃഷി, ജലസേചനം, ടൂറിസം, വ്യവസായം, വിളപരിപാലനം ഭൂവിനിയോഗം, വനപരിപാലനം, കാലിത്തീറ്റ ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവയാണ്. അതുകൊണ്ട് മികച്ച ജലപരിപാലന പദ്ധതികൾ മറ്റു മേഖലകളിലും ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരും. ജലബഡ്ജറ്റ് തയ്യാറാക്കൽ തികച്ചും ശാസ്ത്രീയമായ ഒരു പ്രവർത്തനമാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് നടക്കേണ്ടത്. നമ്മുടെ ശാസ്ത്ര സമൂഹം അതിനു പിന്തുണ നൽകി, വിവരശേഖരണവും അപഗ്രഥനവും ശാസ്ത്രീയമാക്കുന്നതോടൊപ്പം ലളിതവും പ്രായോഗികവുമാകുന്നതിനു സഹായം നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രാദേശിക അറിവുകൾ ഉൾക്കൊള്ളുന്നതിന് ശാസ്ത്രലോകവും തയ്യാറാകുന്ന രീതിയിലാണ് ഈ പ്രക്രിയ വിഭാവനം ചെയ്തിട്ടുള്ളത്.

1. പൊതു വിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പേര്	കുറുവ ഗ്രാമപഞ്ചായത്ത്
വിസ്തീർണം	35.765 ച.കി. മീ
ബ്ലോക്ക്	മങ്കട
താലൂക്ക്	പെരിന്തൽമണ്ണ
വില്ലേജ്	കുറുവ,കോഡൂർ
ജില്ല	മലപ്പുറം
അസംബ്ലി മണ്ഡലം	മലപ്പുറം
ആകെ വാർഡുകൾ	22
ജനസംഖ്യ	44711
പുരുഷൻ	21699
സ്ത്രീകൾ	23012
എസ്. സി	3250
എസ്. ടി	aq1 കുടുംബം
ജനസാന്ദ്രത (ചതുരശ്ര കി. മീ)	943
അതിഥി തൊഴിലാളികൾ	1722
അതിരുകൾ	
വടക്ക്	കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് മലപ്പുറം മുനിസിപ്പാലിറ്റി, കോഡൂർ പഞ്ചായത്ത്
കിഴക്ക്	പുഴക്കാട്ടിരി പഞ്ചായത്ത്, മൂർക്കനാട് പഞ്ചായത്ത്
തെക്ക്	എടയൂർ പഞ്ചായത്ത്, മാറാക്കര പഞ്ചായത്ത്
പടിഞ്ഞാറ്	കോഡൂർ പഞ്ചായത്ത്, പൊന്മള പഞ്ചായത്ത്

കുറുവ ഗ്രാമപഞ്ചായത്തിലെ ജല ബജറ്റ്

ഹരിതകേരളം മിഷനിലൂടെ സംസ്ഥാന സർക്കാർ പ്രാദേശിക ജലസ്രോതസ്സുകളുടെ സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. ഈ മേഖലയിലെ എല്ലാ വകുപ്പുകൾക്കും ഏജൻസികൾക്കും തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നതാണ് മിഷന്റെ ലക്ഷ്യം. ഇത്തരത്തിൽ തദ്ദേശ ഭരണ സ്ഥാപങ്ങൾക്ക് സാങ്കേതിക പദ്ധതികൾ, പ്രാദേശിക പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് തയ്യാറാക്കി നടപ്പിലാക്കുന്നതിനു കഴിയും. ജലബജറ്റ് തയ്യാറാക്കുന്നതിനായി ഇത്തരത്തിൽ ബന്ധപ്പെട്ട എല്ലാവരും ചേർന്നു പ്രവർത്തിക്കുന്ന രീതിയാണ് കുറുവ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയത്.



1.1 ചരിത്രം

പഴയ വള്ളുവനാട് രാജ്യത്തിന്റെ ഭാഗമായിരുന്ന കുറുവ പഞ്ചായത്ത് ഉദാത്തമായ ഒരു സാംസ്കാരിക പൈതൃകം സ്വന്തമായുള്ള നാടാണ്. ഈ പ്രദേശം ഭരിച്ചിരുന്ന രാജകുടുംബത്തിന്റെ ആസ്ഥാനമായിരുന്ന "കുറുവ കേവിലകം" എന്ന നാമത്തിൽ നിന്നാണ് ഈ പഞ്ചായത്തിന് കുറുവ എന്ന പേര് ലഭിച്ചത്. വിവിധ ഭാഗത്തിൽ നിന്നുള്ള ആളുകൾ ഇടതിങ്ങി താമസിക്കുന്ന ഇവിടം മത സൗഹാർദ്ദത്തിനും സഹവർത്തിത്വത്തിനും പണ്ടുമുതലേ പേരുകേട്ടതാണ്. ചരിത്രത്തിന്റെ എടുകളിൽ ഉജ്ജ്വലമായ സായുധ സമരങ്ങളും, ഒളിപ്പോരുകളും നടന്ന പ്രദേശമായ പടപ്പറമ്പ് ഇന്ന് ഈ പഞ്ചായത്തിന്റെ ആസ്ഥാനമാണ് നാട്ടുരാജാക്കന്മാരായ സാമൂതിരിയും വള്ളുവനാട് രാജാവും തമ്മിലുള്ള യുദ്ധം നടന്നത് ഈ പടപ്പറമ്പിൽ വെച്ചാണ് വള്ളുവനാടിന്റെ ജനറൽ ആയിരുന്ന കരുവാ യൂർമൂപ്പിൽ, സമൂതിരിയുടെ സേനയോട് പോരാടി നിരവധി യോദ്ധാക്കൾക്കൊപ്പം മൃതിയടഞ്ഞ പ്രദേശം കൂടിയാണ് പടപ്പറമ്പ്. പഞ്ചായത്തിന്റെ വിദ്യാഭ്യാസപരവും, സാംസ്കാരികവുമായ ഉന്നമനത്തിന്റെ സ്രോതസ്സുകളായി വർത്തിച്ച നിരവധി ഔപചാരിക, അനൗപചാരിക വിദ്യാഭ്യാസ സ്ഥാപന ങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഏകദേശം അമ്പതിനായിരത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഹിന്ദു- മുസ്ലിം മതങ്ങളിൽപ്പെട്ടവരാണ് കൂടുതലും ക്രിസ്ത്യാനികളും ഇല്ലാ തില്ല ഈ മതസ്ഥർക്കിടയിലെ വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങൾ സജീവമായി തന്നെ തുടർന്നുവ രുന്നുണ്ട്. കോൽക്കളി, തിരുവാതിരക്കളി, ഭരതനാട്യം, ചവിട്ടുകളി, കുമ്പാരക്കളി, ദഫ്മുട്ട്, ചാടിമുട്ട്, പകിടകളി, മലമർക്കളി, ചെറുമക്കളി, ഒപ്പന, മാപ്പിളപ്പാട്ട്, കല്യാണപ്പാട്ട്, മൈലാഞ്ചിപ്പാട്ട് തുടങ്ങിയ കലാരൂപങ്ങൾ ഈ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട് മതസൗഹാർദ്ദത്തിനും സഹവർത്തിത്വ ത്തിനും പണ്ടുമുതലേ ഇവിടം പേരുകേട്ടതാണ്. 1921 ലെ ഖിലാഫത്തു പ്രസ്ഥാനം കൊടുമ്പിരി കൊണ്ട സമയത്ത്, ഈ പഞ്ചായത്തിലെ പഴമള്ളൂർ പോലുള്ള പ്രദേശങ്ങളിൽ പല ഹിന്ദുവീടുകൾക്കും മുസൽമാന്മാർ കാവൽ നിന്നിരുന്നു സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ എന്ന പ്രമുഖ സംഘടനയുടെ സ്ഥാപകരിൽ പ്രധാനിയും മദ്രസ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച വ്യക്തിയും

മദ്രസ പാഠ്യപദ്ധതി ആദ്യമായി തയ്യാറാക്കിയ വ്യക്തിയുമായ മൗലാനാ പാങ്ങിൽ അഹമ്മദ്കുട്ടി മുസ്ലി യാർ ഈ പ്രദേശത്തുകാരനാണ് ആധികാരിക ആത്മീയ ഗ്രന്ഥങ്ങളുടെ കർത്താവുമാണ് അദ്ദേഹം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ മങ്കട ബ്ലോക്കിലാണ് കുറുവ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത് കുറുവ, കോഡൂർ (പഴമള്ളൂർ) എന്നീ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന കുറുവ ഗ്രാമപഞ്ചായത്തിന് 35. 79 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുണ്ട് ഈ പഞ്ചായത്തിന്റെ അതിരുകൾ വടക്കുഭാഗത്ത് കൂട്ടിലങ്ങാടി, കോഡൂർ, മക്കരപ്പറമ്പ് പഞ്ചായത്തുകളും, മലപ്പുറം മുനിസിപ്പാലിറ്റിയും, കഴിക്കുഭാഗത്ത് മക്കരപ്പറമ്പ്, മൂർക്കനാട്, പുഴക്കാട്ടിരി പഞ്ചായത്തുകളും, തെക്കുഭാഗത്ത് എടയൂർ, മാറാക്കര, മൂർക്കനാട് പഞ്ചായത്തുകളും, പടിഞ്ഞാറ് ഭാഗത്ത് കോഡൂർ, പൊന്മള, മാറാക്കര പഞ്ചായത്തുകളുമാണ്. ഇന്നത്തെ കുറുവ പഞ്ചായത്ത് പ്രദേശം പഴയ വള്ളുവ നാടിന്റെ ഭാഗമായിരുന്നു. പാങ്ങ് ദേശവും, കോഡൂർ അംശത്തിലെ പഴമള്ളൂർ ദേശവും അടങ്ങുന്ന പ്രദേശവുമാണ് ഇന്നത്തെ കുറുവ ഗ്രാമപഞ്ചായത്ത്. 1954 ൽ പാലക്കാട് ജില്ലയിൽ ആദ്യമായി രൂപം കൊണ്ട് പഞ്ചായത്തുകളിൽ ഒന്നാണ് കുറുവ, കൊളപ്പുറത്ത് കേശവൻ നായർ ആയിരുന്നു ആദ്യ പ്രസിഡന്റെ മലപ്പുറം ജില്ലയിലെ മറ്റ് പഞ്ചായത്തുകളെ

അപേക്ഷിച്ച് വളരെ വൈവിധ്യമാർന്ന ഭൂപ്ര കൃതിയാണ് ഇതിനുള്ളത് പച്ചപിടിച്ച കുന്നുകളും, മലകളും, ചെരിവുകളും, താഴ്വരകളും, സമത ലങ്ങളും, പുഴകളും, തോടുകളും, പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരായ പ്രത്യേകതകളാണ്.കുറുവ അംശത്തിലെ കുറുവ, വറ്റലൂർ, അയിനിക്കാട്, കരിഞ്ചാപ്പാടി, പാങ്ങ് ദേശങ്ങളും കോഡൂരംശത്തിലെ പഴമള്ളൂർ, ദേശവും അടങ്ങിയതാണ് ഈ പഞ്ചായത്ത് ഭൂമിയുടെ കിടപ്പനുസരിച്ച് പഞ്ചായത്തിനെ പ്രധാനമായും കുറുവ മേഖലയെന്നും, പാങ്ങ് മേഖലയെന്നും രണ്ടായി തരം തിരിക്കാം. കുറുവ മേഖലയുടെ വടക്ക് കടലുണ്ടി പുഴയുടെ പോഷക നദിയായ ചെറുപുഴ ഒഴുകുന്നു എന്നാൽ മറ്റു മൂന്ന് ഭാഗത്തും പൊരുന്നുമ്മൽ, പടപ്പറമ്പ്, നരിയംപറമ്പ് ചെറുകുളമ്പ്, ചട്ടിപ്പറ മ്പ്, രായിപറമ്പ്, മുല്ലപ്പള്ളിക്കുളമ്പ് തുടങ്ങിയ മലമ്പ്രദേശങ്ങൾ തലയുയർത്തി നിൽക്കുന്നു. ഭൂമി ശാസ്ത്രപരമായ ഈ പ്രത്യേകത പ്രസ്തുത മേഖലയെ മുൻകാലങ്ങളിൽ മറ്റ് പ്രദേശങ്ങളിൽ നിന്നും ഒറ്റപ്പെടുത്തി നിറുത്തിയിരുന്നു. വടക്കുഭാഗത്തുള്ള ചെറുപുഴ മുറിച്ചു കടന്നായിരുന്നു ഇവിടുത്തെ ജനങ്ങൾ അയൽപ്രദേശങ്ങളുമായി സാമ്പത്തിക ബന്ധങ്ങളിൽ ഏർപ്പെട്ടിരുന്നത് ഭൂപ്രകൃതി അനുസരിച്ച് കുറുവ പഞ്ചായത്തിനെ കുന്നിൻ പ്രദേശം, ചെരിവു പ്രദേശം താഴ്വര, നദീതീര പ്രദേശം,ജലാശയങ്ങൾ എന്നിങ്ങനെ അഞ്ചായി തരം തിരിക്കാം.

1.2 ജനപ്രകൃതി

കുറുവ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 2024-25 ലെ ദുരന്ത നിവാരണ അന്തിമ പദ്ധതി രേഖ പ്രകാരം 44711 ആണ്. 21699 പുരുഷന്മാരും 23012 സ്ത്രീകളും അതിഥി തൊഴിലാളികൾ 1792 ഉം ഉൾപ്പെടുന്നു. ജന സാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 943 പേരാണ്. പുരുഷന്മാർ സ്ത്രീകൾ സാക്ഷരത കൈവരിച്ചിട്ടുണ്ട്.

1.3 ഭൂപ്രകൃതി

അതിരുകൾ	
വടക്ക്	കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് മലപ്പുറം മുനിസിപ്പാലിറ്റി, കോഡൂർ പഞ്ചായത്ത്
കിഴക്ക്	പുഴക്കാട്ടിരി പഞ്ചായത്ത്, മൂർക്കനാട് പഞ്ചായത്ത്
തെക്ക്	എടയൂർ പഞ്ചായത്ത്, മാറാക്കര പഞ്ചായത്ത്
പടിഞ്ഞാറ്	കോഡൂർ പഞ്ചായത്ത്, പൊന്മള പഞ്ചായത്ത്

മലപ്പുറം ജില്ലയിലെ മറ്റു പഞ്ചായത്തുകളിൽ നിന്ന് വ്യത്യസ്തമായി, സങ്കീർണ്ണമായ ഭൂപ്രകൃതിയാൽ ശ്രദ്ധേയമാണ് കുറുവ പഞ്ചായത്ത്. പച്ചപ്പുള്ള കുന്നുകൾ, മലകൾ,

ചെരിവുകൾ, താഴ്വരകൾ, സമതലങ്ങൾ, പുഴകൾ, തോടുകൾ എന്നിവ ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ്. കുറുവ, വറ്റല്ലൂർ, പാങ്ങ്, പഴമള്ളൂർ തുടങ്ങിയ ദേശങ്ങൾ ഇതിലുൾപ്പെടുന്നു. വടക്ക് ഭാഗത്തുകൂടി കടലുണ്ടി പുഴയിലേക്കൊഴുകുന്ന ചെറുപുഴയാണ് പ്രധാന ജലസ്രോതസ്സ്. 32.29 ച.കിലോമീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്ത് **ഉത്തര അക്ഷാംശം 11' 32' 12' കിഴക്കെ രേകാംശം** 76' 77' നും 76' 86' നും ഇടയിലാണ് സ്ഥിതിചെയ്യുന്നത്. പരേതനായ എസ്.കെ. പൊറ്റക്കാട് 'കേരളത്തിലെ കാശ്മീർ' എന്ന് വിശേഷിപ്പിച്ച പാങ്ങ് മേഖലയാണ് കുറുവയുടെ ഹൃദയം. ഇവിടെ 72 മൂലകളും 72 ചോലകളുമുണ്ട്. സമുദ്രനിരപ്പിൽ നിന്ന് 250 അടിയാണ് ശരാശരി ഉയരം; ഏറ്റവും ഉയരം കൂടിയ ഭാഗം 580 അടി ഉയരമുള്ള മുച്ചിക്കൽ ആണ്. ഭൂപ്രകൃതിയിലെ വൈവിധ്യം കാർഷിക രംഗത്തും പ്രതിഫലിക്കുന്നു. കുന്നിൻ പ്രദേശങ്ങളിൽ തെങ്ങും, പറങ്കിമാവും, മലഞ്ചെരുവുകളിൽ കുരുമുളകും, കവുങ്ങും സമൃദ്ധിയായി കൃഷി ചെയ്യുന്നു.

1.4 കാലാവസ്ഥ

കുറുവ കാലാവസ്ഥയുള്ള പ്രദേശമാണ്. ഈ പ്രദേശം മഴുവൻ വർഷവും ചൂടും ഈർപ്പവുമാണ് അനുഭവപ്പെടുന്നത്. ശരാശരി വാർഷിക താപനില ഏകദേശം 27°C ആയി കാണപ്പെടുന്നു. മാർച്ച് മുതൽ മേയ് വരെ ഏറ്റവും ചൂടുള്ള കാലഘട്ടമാണ്. ഈ സമയത്ത് പരമാവധി താപനില 36°C വരെ ഉയരും. ഡിസംബർ മുതൽ ഫെബ്രുവരി വരെ കാലം സമ്പൂർണ്ണമായി ശീതളമായ കാലാവസ്ഥയാണ്. പ്രധാനമായും രണ്ട് മൺസൂൺ കാലങ്ങൾ നിലനില്ക്കുന്നു.

* തെക്ക്-പടിഞ്ഞാറൻ മൺസൂൺ (ജൂൺ – സെപ്റ്റംബർ): ശക്തമായ മഴ ലഭിക്കുന്ന പ്രധാന കാലഘട്ടം.

* വടക്ക്-കിഴക്കൻ മൺസൂൺ (ഒക്ടോബർ – നവംബർ): രണ്ടാമത്തെ മഴക്കാലം. വാർഷിക ശരാശരി മഴ ഏകദേശം 2950 മില്ലീമീറ്റർ വരെയായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

പ്രദേശത്തിന്റെ പ്രത്യേകതകൾ

കുറുവ ഗ്രാമപഞ്ചായത്ത് പ്രകൃതിയുടെയും പൈതൃകത്തിന്റെയും സമന്വയമായ ഒരു മനോഹര പ്രദേശമാണ്. പച്ചപ്പും മലനിരകളും കായലുകളും കൃഷിഭൂമികളും ചേർന്ന ഈ പ്രദേശം മലപ്പുറത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഗ്രാമത്തിന്റെ മുഴുവൻ അന്തരീക്ഷത്തിലും പ്രകൃതിയുടെ ശാന്തതയും സമൃദ്ധിയും നിറഞ്ഞുനിൽക്കുന്നു. പുലരിയുടെ മഞ്ഞുതുള്ളികളാൽ മഞ്ഞുന്ന വയലുകളും കാറ്റിനൊപ്പം നീളുന്ന തെങ്ങിൻ തോട്ടങ്ങളും ഈ ഗ്രാമത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നു. പ്രദേശത്തിന്റെ പ്രധാന സാമ്പത്തിക അടിത്തറ കൃഷിയാണ്. ഇവിടെ നെൽ, തെങ്ങ്, വാഴ, പച്ചക്കറികൾ, കുരുമുളക്, കാപ്പി തുടങ്ങിയ വിളകൾ വ്യാപകമായി കൃഷിചെയ്യുന്നു. പാടശേഖരങ്ങളുടെ പച്ചപ്പും കർഷകരുടെ അധ്വാനവും കുറുവ ഗ്രാമജീവിതത്തിന്റെ അടയാളങ്ങളാണ്. കാർഷിക സഹകരണ സംഘങ്ങളും കർഷക കൂട്ടായ്മകളും ഗ്രാമത്തിന്റെ സാമ്പത്തിക പുരോഗതിയിൽ പ്രധാന പങ്ക് വഹിക്കുന്നു. ഗ്രാമവികസന പദ്ധതികൾ വഴി കൃഷിയെയും പരിസ്ഥിതിയെയും സംരക്ഷിക്കാൻ പഞ്ചായത്തിന്റെ ശ്രമങ്ങൾ ഏറെ ശ്രദ്ധേയമാണ്.

ജലസ്രോതസ്സുകളുടെ സമൃദ്ധിയുള്ള പ്രദേശമായതിനാൽ, വെള്ളം ഇവിടെ ജീവന്റെ ഭാഗമായിത്തീരുന്നു. കുളങ്ങളും ചെറുനദികളും കായലുകളുമെല്ലാം ഇവിടെ നിലനിൽക്കുന്ന പാരിസ്ഥിതിക സമതുലനത്തിന് ആധാരമാണ്. ജലസംരക്ഷണത്തിനും മഴവെള്ള ശേഖരണത്തിനും പഞ്ചായത്ത് വിവിധ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. സാംസ്കാരികമായി കുറുവ ഗ്രാമപഞ്ചായത്ത് ഏറെ സമ്പന്നമാണ്. പള്ളികളും ക്ഷേത്രങ്ങളും പള്ളികളും ചേർന്ന മതസൗഹൃദത്തിന്റെ ഉദാഹരണമാണ് ഈ പ്രദേശം. ഉത്സവങ്ങൾ, സാംസ്കാരിക പരിപാടികൾ, കലാജാഥകൾ, ഗ്രന്ഥശാല പ്രവർത്തനങ്ങൾ തുടങ്ങി നിരവധി സാമൂഹ്യ-സാംസ്കാരിക പരിപാടികൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കപ്പെടുന്നു. സ്ത്രീശാക്തീകരണ പരിപാടികൾ, യുവജന ക്ലബ്ബുകൾ, കായിക സംഘടനകൾ തുടങ്ങിയവയും ഗ്രാമത്തിന്റെ ഉണർവിന് ശക്തി പകരുന്നു. വിദ്യാഭ്യാസ രംഗത്തും കുറുവ മുൻപന്തിയിലാണ്. പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെ നിരവധി സ്കൂളുകളും വിദ്യാലയങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. സാക്ഷരതാ നിരക്ക് ഉയർന്നതായതിനാൽ വിദ്യഭ്യാസത്തിന് ഗ്രാമത്തിൽ പ്രത്യേക പ്രാധാന്യമുണ്ട്. ആരോഗ്യ രംഗത്തും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ആയുർവേദവും ഹോമിയോപ്പതിയും ഉൾപ്പെടുന്ന ചികിത്സാ സംവിധാനങ്ങൾ ജനങ്ങൾക്കു ലഭ്യമാണ്. പഞ്ചായത്ത് പരിസ്ഥിതി സംരക്ഷണത്തിലും ശുചിത്വ പദ്ധതികളിലും മാതൃകാപഞ്ചായത്തായി പരിഗണിക്കപ്പെടുന്നു. മാലിന്യസംസ്കരണ സംവിധാനം, ഹരിതമേഖല വികസനം, ജലസംരക്ഷണം, പച്ചപ്പുപദ്ധതികൾ തുടങ്ങിയവ പഞ്ചായത്തിന്റെ മുൻഗണനാപദ്ധതികളാണ്. ശുദ്ധവായുവും സുന്ദരമായ പ്രകൃതിയും ഇതിനെ “ഹരിത ഗ്രാമപഞ്ചായത്ത്” എന്ന നിലയ്ക്ക് വേറിട്ടു നിൽപ്പിക്കുന്നു.

മതസൗഹൃദം, പരിസ്ഥിതി ബോധം, കാർഷിക സമൃദ്ധി, വിദ്യാഭ്യാസ പുരോഗതി, സാമൂഹിക ഐക്യം — ഇതെല്ലാം ചേർന്നതാണ് കുറുവ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകതകൾ. ഇതാണ് ഈ ഗ്രാമത്തെ മലപ്പുറത്തിന്റെ ഗ്രാമവികസന യാത്രയിൽ ഒരു പ്രചോദനമാക്കുന്നത്.


1.5 മൺതരങ്ങൾ

ഉയർന്ന പ്രദേശങ്ങളിൽ വെട്ടുകല്ലും സമതല പ്രദേശങ്ങളിൽ ചരൽ കലർന്ന ചുവന്ന മണ്ണും താഴ്ന്ന പ്രദേശങ്ങളിൽ എക്കൽമണ്ണും ഈ സ്ഥലങ്ങളിൽ കാണപ്പെടുന്നു.

മങ്കട ബ്ലോക്ക് പഞ്ചായത്തിലുള്ള മണ്ണ് സീരീസുകൾ താഴെ നൽകുന്നു.

അങ്ങാടിപ്പുറം, കൂട്ടിൽ, വറ്റലൂർ, രാമപുരം, ചേലക്കാട്, മന്നം കുളം, വെട്ടേക്കോട്, പഴമള്ളൂർ.


മാപ്പ് താഴെ കൊടുക്കുന്നു: -



1.6 നീർത്തട വിവരങ്ങൾ

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് കേരളത്തിലെ 49 നദീതടങ്ങളിൽ വരുന്ന ചെറു നീർത്തടങ്ങളെ വേർതിരിക്കുകയും തെക്കേ അറ്റത്തുള്ള നെയ്യാർ നദിക്ക് N എന്നു തുടങ്ങി 44 മത് നദിയായ മഞ്ചേശ്വരം പുഴക്ക് 44 M എന്ന രീതിയിൽ കോഡിങ്ങും നൽകി നീർത്തടങ്ങളെ വേർത്തിരിച്ചിട്ടുണ്ട്. ഇതിൽ പ്രകാരം കുറുവ പഞ്ചായത്തിൽ 3 പ്രധാന ചെറു നീർത്തടങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

ക്രമ നമ്പർ	നീർത്തട നമ്പർ	നീർത്തടത്തിന്റെ പേര്	വിസ്തീർണ്ണം (ഹെക്ടർ)
1	23k45c	പാങ്ങ്	1132.82
2	23k39l	വറ്റല്ലൂർ	726
3	23k39m	കുറുവ	726.325



1. പാങ്

<u>അതിരുകൾ</u>


വടക്ക്: നീറ്റിച്ചിറ

തെക്ക്: ചങ്ങരംകുളം - മലയിൽ ഫാം

പടിഞ്ഞാറ്: മറക്കര ഗ്രാമപഞ്ചായത്തിന്റെ അതിർത്തി

കിഴക്ക്: ഈസ്റ്റ് പാങ്

PANG WATERSHED



2. വറ്റലൂർ


അതിരുകൾ

വടക്ക്: ചെറുകുളമ്പ

തെക്ക്: കുറുവ


പടിഞ്ഞാറ്: പടപ്പറമ്പ്

കിഴക്ക്:പറവക്കൽ



3. കുറുവ

വടക്ക്: ചെറുകുളമ്പ്
തെക്ക്: കൂട്ടിലങ്ങാടി
പടിഞ്ഞാറ്: കോഡൂർ
കിഴക്ക്: വറ്റലൂർ



1.7 പഞ്ചായത്തിലെ ജല സ്രോതസ്സുകൾ സംബന്ധിച്ച വിവരങ്ങൾ

1.7.1 നീർച്ചാലുകൾ

ക്രമ നമ്പർ	നീർച്ചാലുകൾ		
1	പുന്നത്തോട്	12	കളത്തിങ്ങൽ തോട്
2	പുന്നപ്പാടം വെള്ളച്ചാൽ	13	വെല്ലം ചിറ തോട്
3	കുക്കർണി കടവ് വെള്ളച്ചാൽ	14	പോതോം ചിറ തോട്
4	അയ്യപ്പക്ഷേത്രം തോട്	15	കാട്ടുപ്പാറ തോട്
5	കാഞ്ഞിരോൾ പടി തോട്	16	അയനിക്കുണ്ട് തോട്
6	ഇറാട്ടു തോട്	17	കൊരണിക്കുണ്ട് തോട്
7	നെച്ചിക്കുണ്ട് തോട്	18	തോണിക്കല്ല് തോട്
8	ചക്യാർ തോട്	19	കണ്ണാത്ത് തോട്
9	ഉരുണിയാൽ ചിറ തോട്	20	വെറ്റില തോട്
10	പള്ള്യാർ തോട്	21	അയനിക്കുന്ന്കഠാരംതോട്
11	അല്പച്ചിറ തോട്	22	പള്ള്യാർക്കുണ്ട് തോട്

1.7.2 കുളങ്ങൾ

ക്രമ നമ്പർ	പേര് & സ്ഥലം	പൊതു/സ്വകാര്യം
1	കൂമൻ കല്ല് കുളം	പൊതു
2	മുല്ലപ്പള്ളി കുളം	പൊതു
3	അയനിക്കുണ്ട് കുളം	പൊതു
4	നാരായം കുളം	പൊതു
5	കരിവാൻകുഴി കുളം	പൊതു
6	അമ്പലപ്പറമ്പ വാരിക്കോട് കുളം	പൊതു
7	ചോലക്കുളമ്പ്പെരുവള്ളക്കുഴി കുളം	പൊതു
8	മുല്ലപ്പള്ളി കുളം	പൊതു
9	അരിക്കത്ത് പറമ്പ് ഓറാ കുളം	പൊതു
10	കാരാകുണ്ട് ചോല കുളം	പൊതു
11	കമ്മു കുളം	പൊതു
12	തോറ കവുങ്ങും ചോല കുളം	പൊതു
13	കുറുവം കുഴി കുളം	പൊതു
14	പെരുവെള്ളക്കുഴിക്കുളം	പൊതു
15	മരുതക്കാട് കുളം	പൊതു
16	കുക്കർണ്ണി കാവ് കുളം	പൊതു
17	കാടക്കക്കുളം	പൊതു
18	ഉപ്പേരി കുളം	പൊതു
19	ദേവസ്വം കുളം	പൊതു
20	ഇല്ലത്തു വളപ്പുക്കുളം	പൊതു
21	ചോലക്കുളമ്പ് കുളം	പൊതു